വരെ ആകാമെന്നു് തീരുമാനിച്ചതനുസരിച്ചു് സ്റ്റേറ്റുബാങ്കിൽനിന്നും മറ്റു സെൻട്രൽബാങ്കുകൾക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(സി) ചിലപ്പോൾ അങ്ങനെ വരുന്നുണ്ടു്.

(ഡി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

പുതിയ ഗവണ്മെൻറു ഡിസ്പെൻസറികൾ.

* 18. [23] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷം പുതുതായി ഗവണ്മെൻറു് ഡിസ്പെൻസറികൾ ആരംഭിക്കുവാൻ പരിപാടിയുണ്ടോ ;

(ബി) കോട്ടയം ഡിസ്ട്രിക്ടിൽ കടുത്തുരുത്തി വില്ലേജിൽ ആയംകുടിയിൽ ഒരു ഡിസ്പെൻസറി അനുവദിക്കണമെന്നു കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) കോട്ടയം ജില്ലയിലേക്കു് പുതുതായി ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ ആയംകുടിയുടെ കാര്യം പരിഗണിക്കുന്നതിനു് കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർക്കു് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടു്.

വന്ധീകരണശസ്ത്രക്രിയ.

* 19. [29] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്ധീകരണശസ്ത്രക്രിയ നടത്തുന്നതിനു വ്യവസ്ഥയുള്ള എത്ര ആശുപത്രികളും ക്ലിനിക്കുകളും ഈ സ്റ്റേറ്റിലുണ്ടു് ;

(ബി) നാട്ടിൻപുറങ്ങളിലെത്ര ; പട്ടണങ്ങളിലെത്ര ;

(സി) മൂന്നാം പദ്ധതിക്കാലത്തു് എത്രപേരെ അത്തരം ശസ്ത്രക്രിയ ചെയ്തിട്ടുണ്ടു് ; സ്ത്രീകളെത്ര ; പുരുഷന്മാരെത്ര ;

(ഡി) കുന്നത്തൂർ താലൂക്കിൽ എത്ര അത്തരം ക്ലിനിക്കുകളും ആശുപത്രികളും ഉണ്ടു് ; എത്രപേരെ ഇന്നുവരെ അത്തരം ശസ്ത്രക്രിയയ്ക്കു വിധേയരാക്കിയിട്ടുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 77. (ആശുപത്രികളും, ക്ലിനിക്കുകളും.)

(ബി) നാട്ടിൻപുറത്തു് 57.
പട്ടണത്തിൽ 20.

(സി) ആകെ 22475 പേരെ.
സ്ത്രീകളെ 7219.
പുരുഷന്മാർ 15256.

(ഡി) 2 ആശുപത്രികളും. (ക്ലിനിക്കുകളും)
98 പേരെ.

ഹോം ഗാർഡു്.

* 20. [32] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) 1963 ഡിസംബർ മാസത്തോടുകൂടി ആകെ ഹോംഗാർഡ്സിൽ ചേർന്നവരുടെ മൊത്തം എണ്ണം എത്ര ;

(ബി) ആകെ ചേർന്ന ഹോംഗാർഡുകളിൽ തൊഴിലാളി, കർഷക, അദ്ധ്യാപക, വിദ്യാർത്ഥി, വ്യാപാരി എന്നീ വിഭാഗങ്ങളിൽനിന്നും എത്രപേർ വീതം ഉൾപ്പെട്ടിട്ടുണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വേർതിരിച്ചു കണക്കു പറയാമോ ;

(ഡി) ഹോംഗാർഡ് സംഘടനയ്ക്കുവേണ്ടി ഡിസംബർമാസംവരെയ്ക്കും എത്ര രൂപ ഈ സാമ്പത്തികവർഷത്തിൽ ചെലവു ചെയ്തു ;

(ഈ) 1963 ജനുവരി മുതൽ ഡിസംബർ ഒടുവിൽ വരെയുള്ള ഈ കലണ്ടർ വർഷത്തിൽ ഹോംഗാർഡിന്റെ സേവനം ഉപയോഗപ്പെടുത്തിയ പ്രധാന സന്ദർഭങ്ങൾ ഏതൊക്കെ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 3933. (മൂവായിരത്തിതൊള്ളായിരത്തിമുപ്പത്തിമൂന്നു.)

(ബി&സി) വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ കണക്കു താഴെ പറയുംപ്രകാരമാണു് :

തൊഴിലാളികൾ	268
കൃഷിക്കാർ	1374
അദ്ധ്യാപകർ	649
വ്യാപാരികൾ	137
അദ്ധ്യാപകരല്ലാത്ത ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർ	846
കോസി ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാർ	46
സഹകാര്യസ്ഥാപനങ്ങളിലെ ജോലിക്കാർ	230
അഭിഭാഷകർ	11
ഡോക്ടർമാർ	4
മറ്റുള്ളവർ	368

(ഡി) 9,86,186 രൂപ 25 നയാപൈസ.

(ഈ) ഹോംഗാർഡുകളുടെ സേവനം പ്രധാനമായി താഴെ പറയുന്ന സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുകയുണ്ടായി.

(1) 13-2-1963-നു് കൊല്ലത്തു് അഗ്നിശമന പ്രവർത്തനത്തിനു്.

(2) 11-4-1963-നു് എറണാകുളത്തു് ഒരു സഹകാര്യ എണ്ണ ഡിപ്പോവിൽ അഗ്നിശമനത്തിനു്.

(3) 14-4-1963-നു് പാലക്കാട്ടു് അഗ്നിശമനത്തിനു്.

(4) 17-8-1963-നു് വട്ടക്കായലിലെ ബോട്ടപകടം (വള്ളംകളി) ഒക്ടോബർ മാസത്തിൽ ഇൻഡ്യൻയൂണിയൻ പ്രസിഡൻറിന്റെ തിരുവനന്തപുരം സന്ദർശനം; കോട്ടയം ജില്ലയിലെ ബോട്ടപകടം (വള്ളംകളി) എന്നിവയോടനുബന്ധിച്ചു ബന്തോബസ്സു് ജോലികൾക്കു്.

(5) കണ്ണൂർ ജില്ലയിലൊഴികെ, ഇക്കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിനോടനുബന്ധിച്ചു ബന്തോബസ്സു് ജോലികൾക്കു്.

(6) 13-11-1963-ൽ കൊല്ലം ജില്ലയിലെ ഭരണിക്കടവിനടുത്തുണ്ടായ മീൻപിടുത്ത തോണി അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനു്.

(7) തുമ്പയിൽവച്ചു നടന്ന ഒന്നാമത്തെ റോക്കറ്റു വിക്ഷേപണത്തോടനുബന്ധിച്ച ബന്തോബസ്സു ജോലികൾക്കു്.

(8) തിരുവനന്തപുരം വഞ്ചിയൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത സൈക്കിൾ മോഷണക്കേസു് തെളിയിക്കുന്നതിൽ പോലീസിനെ സഹായിക്കുവാൻ.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 21. [34] ശ്രീ. പാറയിൽ ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗസാധനങ്ങളുടെ അമിതമായ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly